**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - സംസ്ഥാന സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ കുട്ടികൾക്കും ഓണത്തിനോടനുബന്ധിച്ച് 5 കിലോഗ്രം വീതം അരി സൗജന്യമായി വിതരണം ചെയ്യുന്നതിന് അനുമതി നല്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്**

**സ.ഉ.(സാധാ.) നം.3022 /2018/ പൊ.വി.വ തീയതി, തിരുവനന്തപുരം,07/08/2018**

പരാമർശം:- 20/6/2018- ലെ എൻ.എം.(എ)3 39751/2018/DPI നമ്പരായ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കത്ത്.

**ഉത്തരവ്**

2018-19 വർഷത്തിൽ സംസ്ഥാന സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കുട്ടികൾക്ക് 5 കിലോഗ്രാം വീതം അരി സൗജന്യമായി നൽകുന്നതിന് പരാമർശ കത്ത് പ്രകാരം പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. നടപ്പ് അധ്യയനവർഷത്തിൽ 26,54,807 കുട്ടികൾ ഉച്ച ഭക്ഷണ പദ്ധതിയിൽ ഉൾപെട്ടിട്ടുണ്ടെന്നും 5 കിലോ വീതം അരി വിതരണം ചെയ്യുന്നതിന് അകെ 13274 .035 മെട്രിക് ടൺ അരി വേണ്ടി വരുമെന്നും ആയതു പൊതു വിപണിയിൽ നിന്നും സിവിൽ സപ്ലൈസ് കോർപറേഷൻ മുഖേന കിലോഗ്രാമിന് **36/- രൂപ നിരക്കിൽ** വാങ്ങുന്നതിന് അകെ **47,78,65,260 /-രൂപ** (നാല്പത്തിയേഴ് കോടി എഴുപത്തിയെട്ടുലക്ഷത്തി അറുപത്തയ്യായിരത്തി ഇരുന്നൂറ്റിഅറുപതു രൂപ മാത്രം) ചിലവാകുമെന്നും പൊതു വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിരിക്കുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഉച്ച ഭക്ഷണ പദ്ധതിയിൽ ഉൾപെട്ടിട്ടുള്ള കുട്ടികൾക്ക് ഓണത്തോടനുബന്ധിച്ചു 5 കിലോ വീതം അരി പൊതുവിപണിയിൽനിന്നും സിവിൽ സപ്ലൈസ് കോർപറേഷൻ മുഖേന വാങ്ങി സൗജന്യമായി വിതരണം ചെയ്യുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.ഇതിലേക്കാവശ്യമായ **47,78,65,260/- രൂപ** (നാല്പത്തിയേഴ് കോടി എഴുപത്തിയെട്ടുലക്ഷത്തി അറുപത്തയ്യായിരത്തി ഇരുന്നൂറ്റിഅറുപതു രൂപ മാത്രം) സംസ്ഥാനത്ത് ഉച്ച ഭക്ഷണ പദ്ധതിയോടനുബന്ധിച്ചുള്ള വിവിധ ആവശ്യങ്ങൾക്കായി അധികമായി ചെലവഴിക്കേണ്ടി വരുന്നതിനായി നീക്കിവച്ചിരിക്കുന്ന 2202-01-112-89-(Head for Plan State Additional Assistance) എന്ന ശീർഷകത്തിൽ നിന്ന് വിനിയോഗിക്കാവുന്നതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ ഷാജഹാൻ

സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

സി.എം .ഡി സിവിൽ സപ്ലൈസ് കോർപറേഷൻ ,കൊച്ചി

ധനകാര്യ വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ), തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

പകർപ്പ് -ഭക്ഷ്യ പൊതു വിതരണ വകുപ്പ്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.